# പതിനാലാം കേരള നിയമസഭ
# പതിനെട്ടാം സമ്മേളനം
# നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 454
# 04/02/2020 ലെ മറുപടിക്ക്

<u>വാഹനങ്ങൾ വാങ്ങുന്നതിന് നിബന്ധന</u>

| | ചോദ്യം<br>ശ്രീ.കെ. ദാസൻ | ഉത്തരം<br>ഡോ.ടി.എം.തോമസ് ഐസക്ക്<br>(ധനകാര്യവും കയറും വകുപ്പ് മന്ത്രി) |
|---|---|---|
| (എ) | എം.എൽ.എ. ആസ്തിവികസന ഫണ്ടിൽ നിന്നും വാഹനങ്ങൾ വാങ്ങുന്നതിന് കേന്ദ്രസർക്കാരിന്റെ ജി.ഇ.എം. (ഗവൺമെന്റ് ഇ-മാർക്കറ്റ് പ്ലേസ്) വഴി മാത്രമേ പർച്ചേസ് ചെയ്യാവൂ എന്ന നിബന്ധന ധനകാര്യ വകുപ്പ് പുറത്തിറക്കിയിട്ടുണ്ടോ; | നിയോജകമണ്ഡല ആസ്തിവികസന ഫണ്ടിൽ നിന്നും വാഹനങ്ങൾ വാങ്ങുന്നതിന് കേന്ദ്രസർക്കാരിന്റെ GeM (ഗവൺമെന്റ് ഇ-മാർക്കറ്റ് പ്ലേസ്) വഴി മാത്രമേ പർച്ചേസ് ചെയ്യാവൂ എന്ന നിബന്ധന ധനകാര്യ വകുപ്പ് നൽകിയിട്ടില്ല. |
| (ബി) | ജി.ഇ.എം.ൽ ഉൾപ്പെട്ടിട്ടില്ലാത്ത വാഹനങ്ങൾ വാങ്ങാൻ പർച്ചേസ് കമ്മിറ്റി രൂപീകരിച്ച് ഡീലർമാരിൽ നിന്നും നേരിട്ടുവാങ്ങാനുള്ള അനുമതി ധനകാര്യ വകുപ്പ് നൽകുമോ; | സർക്കാർ സ്കൂളുകളിലെ വിദ്യാർത്ഥികളുടെ യാത്രാസൗകര്യം മെച്ചപ്പെടുത്തുന്നതിനായി ബസ്സുകൾ വാങ്ങുന്നതിനാണ് നിയോജകമണ്ഡല ആസ്തി വികസന പദ്ധതിയിൽ അനുമതി നൽകിയിരിക്കുന്നത്. ആസ്തി വികസന ഫണ്ട് ഉപയോഗിച്ച് മറ്റ് വാഹനങ്ങൾ വാങ്ങുന്നതിന് അനുമതി നൽകിയിട്ടില്ല. ബന്ധപ്പെട്ട പൊതുവിദ്യാഭ്യാസ ഉപഡയറക്ടർ (DDE) സാക്ഷ്യപ്പെടുത്തുന്ന ആവശ്യകതാ സർട്ടിഫിക്കറ്റിന്റെ അടിസ്ഥാനത്തിലും വാഹനം വാങ്ങുന്നതിനായുള്ള നിലവിലെ മാനദണ്ഡങ്ങൾ പാലിക്കണമെന്നും വാങ്ങുന്ന വാഹനത്തിന്റെ ആവർത്തന/പരിപാലന ചെലവുകൾ സർക്കാർ വഹിക്കുന്നതല്ല എന്നുമുള്ള നിബന്ധനകളോടുകൂടിയാണ് ആസ്തി വികസന ഫണ്ട് ഉപയോഗിച്ച് സ്കൂൾ ബസ് വാങ്ങുന്നതിനുള്ള അനുമതി നൽകിയിരിക്കുന്നത്. സർക്കാർ വകുപ്പുകളിലും പൊതുമേഖലാ സ്ഥാപനങ്ങളിലും ആവശ്യമുള്ള സാധനങ്ങളും സേവനങ്ങളും കേന്ദ്രസർക്കാരിന്റെ നിയന്ത്രണത്തിലുള്ള Government e-Marketplace (GeM) വഴി ലഭ്യമാക്കുന്നതിന് 27/03/2018 ലെ G.O(Ms)No.02/2018/SPD പ്രകാരം ഉത്തരവായിട്ടുണ്ട്. ആയതിന്റെ അടിസ്ഥാനത്തിൽ വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ ഉപയോഗത്തിനായുള്ള വിവിധ തരം ബസുകളുടെ സ്പെസിഫിക്കേഷൻ GeM പോർട്ടലിൽ ഉൾപ്പെടുത്തുന്നതിനും GeM പോർട്ടൽ ഉപയോഗിച്ച് അവ വാങ്ങുന്നതിനും പൊതുവിദ്യാഭ്യാസ വകുപ്പിന് നിർദ്ദേശം നൽകിയിട്ടുണ്ട്. GeM പോർട്ടലിൽ ഉൾപ്പെട്ടിട്ടില്ലാത്ത വാഹനങ്ങൾ വാങ്ങുന്നതിന് ഇ-ടെണ്ടർ നടപടി ക്രമം സ്വീകരിക്കാവുന്നതാണ്. ഉപഭോക്തൃ വകുപ്പിലെ അധികാര പ്രത്യായോജന (Delegation of Powers) പ്രകാരം പര്യാപ്തനായ ഉദ്യോഗസ്ഥനാണ് വാഹനം വാങ്ങിനൽകുന്നതിനുള്ള നടപടി ക്രമങ്ങൾ പൂർത്തീകരിക്കേണ്ടത്. |
| (സി) | വിവിധ പി.എച്ച്.സി.കളിലെ പാലിയേറ്റീവ് പ്രവർത്തനങ്ങൾക്കായി വാഹനങ്ങൾ വാങ്ങുന്നതിന് ജില്ലാ മെഡിക്കൽ ഓഫീസറെ ചുമതലപ്പെടുത്താൻ സാധിക്കുമോ; വിശദമാക്കുമോ? | |

സെക്ഷൻ ഓഫീസർ